**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .91 | 28-11-2018 -ൽ മറുപടിക്ക്

## പ്രളയ ദുരിതാശ്വാസവും കേന്ദ്രനിലപാടും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ. പ്രദീപ് കുമാർ**<br>**ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. വി. ജോയി**<br>**ശ്രീ. യു. ആർ. പ്രദീപ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയദുരന്തത്തിൽ താറുമാറായ പശ്ചാത്തല സൗകര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും ഉപജീവനോപാധികൾ കണ്ടെത്തുന്നതിനും എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) | ഐക്യരാഷ്ട്ര സഭയുടെ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പുനർനിർമാണത്തിന് 31,000 കോടി രൂപ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| ബി) | കേന്ദ്ര സർക്കാർ അടിയന്തര ആശ്വാസമായി 600 കോടി രൂപ മാത്രം അനുവദിച്ച സാഹചര്യത്തിൽ പ്രളയ ക്കെടുതിയുടെ വ്യാപ്തി കണക്കിലെടുത്ത് കൂടുതൽ തുക അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്. ഇതിനു പുറമെ, 5000 കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 600 കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങ ൾക്കായി കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ക്കനുസൃതമായ കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻ സികൾ തന്നെ 26,718 കോടി രൂപയുടെ നഷ്ടവും പുനർ നിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും വിലയിരു ത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരു ത്തേണ്ടത് ഈ സാഹചര്യ ത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിച്ച ധനസഹായ വാഗ്ദാനം സ്വീകരിക്കുന്നതിന് മതിയായ കാരണമില്ലാതെ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചതിലൂടെ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന വലിയ തുക നഷ്ടപ്പെട്ട സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. |
| ഡി) | സംസ്ഥാനത്തിന് ലഭിക്കാൻ അർഹതയുള്ള സഹായങ്ങൾ നിയമപരമായ രീതികളിലൂടെ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സംഘം രണ്ടുവട്ടം കേരളം സന്ദർശിച്ച് നാശനഷ്ട വിലയിരുത്തൽ നടത്തി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ഈ വിഷയത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമായി നിരന്തരം സമ്പർക്കം പുലർത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ